സേവനാവകാശ നിയമം

17 (3648) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന് ഉതകുന്ന മോണിറ്ററിംഗ് സംവിധാനം നിലവിൽ വന്നുവോ ; വ്യക്തമാക്കുമോ ;

(ബി) ലഭ്യമാക്കേണ്ട സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതി പരിഹരിക്കുന്നതിന് സമീപിക്കേണ്ട ഉദ്യോഗസ്ഥന്റെ വിവരങ്ങൾ അതാതു ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സേവനാവകാശ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി, സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് പ്രതിമാസപത്രികയായി, നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുമുഖേന സർക്കാരിന് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കുവാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം, എല്ലാ സർക്കാർ ഓഫീസുകളുടെയും/സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ, സേവനാവകാശ ആക്ടിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഓരോ സേവനവും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെ

LIBRARY ARCHIVES Kerala Legislative Assembly

പറ്റിയുള്ള വിവരവും പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, 19-2-2013-ലെ 21145/എ. ആർ. 12(1)/12/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 6-ൽ നിഷ്കർഷിച്ചിട്ടുള്ള വിധമുള്ള നോട്ടീസ് ബോർഡ് പ്രദർശിപ്പിക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം

18 (3649) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) 2013-14 സാമ്പത്തിക വർഷം കോർപ്പറേഷന് അനുവദിച്ച ഫണ്ട് എത്രയെന്ന് അറിയിക്കുമോ ;

(സി) അനുവദിച്ച തുകയിൽ ഏതൊക്കെ സ്കീമിലായി എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) വിവിധ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം സമുദായ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ഇ) മുന്നോക്ക വിഭാഗത്തിലെ പിന്നോക്കക്കാരെ നിശ്ചയിക്കുന്ന മാനദണ്ഡം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന് പ്ലാൻ ഫണ്ടായി 10 കോടി രൂപ അനുവദിച്ചിരുന്നു.

(സി)	സ്കോളർഷിപ്പ്	...	300 ലക്ഷം
	കോച്ചിംഗ് ക്ലാസ്സുകൾ	...	100 ലക്ഷം
	ഡാറ്റാബാങ്ക് സർവ്വേ	...	50 ലക്ഷം
	ഓപ്പറേഷണൽ കോസ്റ്റ്	...	50 ലക്ഷം
	മൂലധന സഹായം	...	500 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly